# ലജ്ജ, അഭിമാനം, വിഷാദം

ചിത്രലേഖ കേരളത്തിൽ ജീവിക്കുന്ന ഒരു വ്യക്തിയാണെന്ന് രാഷ്ട്രീയമായി തെളിയിക്കപ്പെടുന്ന ദിവസമാണിന്നു്.

സ്റ്റാലിനിസ്റ്റുകളുടേയും സവർണ ഫാസിസ്റ്റുകളുടേയും പീഢനങ്ങൾക്കിരയാകുന്നവർക്കു നീതിപാലകരോ നിയമവേദികളോ നീതിപീഠങ്ങളോ തുണയാവാറില്ല. അത്തരം പ്രശ്നങ്ങൾക്കു മുന്നിൽ പകച്ചു നിൽക്കുന്ന ഒരു സിവിൽ സമൂഹത്തെയേ കേരളം കണ്ടിട്ടുള്ളു.

ഈ രണ്ടു നൃശംസതകളോട് പൊരുതാനും ജയിക്കാനും ആർക്കും കഴിയില്ലെന്ന, പീഢിതർക്കു ഇവിടെ മറ്റു സാധ്യതകളില്ലെന്ന, വിശ്വാസത്തിനു ജനാധിപത്യകേരളം മറുപടി നൽകുന്ന ദിവസമാണിന്നു്.

ഒരുപാടു പേർ പ്രവർത്തിക്കാനും സഹായങ്ങളെത്തിക്കാനുമില്ലായിരുന്നുവെങ്കിലും ഇങ്ങനെയും ഇവിടെ പൊരുതി ജീവിക്കാമെന്നു ഒരു പിടിയാളുകൾ നമ്മെ ഓർമ്മിപ്പിക്കുകയാണു.

പരിമിതികളെ ഭയക്കാതെ മുന്നോട്ടു നീങ്ങിയവർ.

അവരോടൊപ്പം ഒരു നിമിഷാർദ്ധമെങ്കിലും ചേർന്നു നിൽക്കാൻ കഴിഞ്ഞതിൽ എനിക്കു അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്.

ചെറുതല്ല ഈ വിജയം. ഒട്ടേറെ മാനങ്ങളുണ്ടിതിന്.

സോഷ്യൽ ഡെമോക്രസിയുടെ ആട്ടിൻ തോലിട്ടു വരുന്ന ഫാഷിസത്തെ കാണാതിരിക്കരുതെന്നു ചിത്രലേഖയുടെ അനുഭവം നമ്മോടു വിളിച്ചു പറയുന്നു.

ആഹ്ലാദമല്ല, വ്യാകുലതകളാണു പൊന്തി വരുന്നത്.

ഇതിനെ ഒരു തുടക്കമായി കാണാനാണു എനിക്കു തോന്നുന്നത്.

എങ്കിലും ഇതിനു സമാനമായ ഒന്നും നാം ഇതിനു മുൻപു ചെയ്തിട്ടില്ലാ എന്നത് നമ്മെ ലജ്ജിപ്പിക്കുന്നില്ലേ?

ആ ലജ്ജയിൽ നിന്നു തുടങ്ങുകയാണു.

ഒട്ടേറേ പോകാനുള്ളതുകൊണ്ട് ഇനി താമസിപ്പിക്കില്ലല്ലോ നമ്മൾ.

ആ യാത്രയിൽ ഒരുമിക്കുമ്പോൾ, എല്ലാവർക്കും എന്റെ വിനീതമായ അഭിവാദ്യങ്ങൾ.

ഡോ. ടി ടി ശ്രീകുമാർ